പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 205

# 2024-ലെ കേരള വിദേശ പഠന കൺസൾട്ടൻസികളുടെയും ട്രാവൽ ഏജൻസികളുടെയും രജിസ്ട്രേഷനും നിയന്ത്രണവും ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 205

# 2024-ലെ കേരള വിദേശ പഠന കൺസൾട്ടൻസികളുടെയും ട്രാവൽ ഏജൻസികളുടെയും രജിസ്ട്രേഷനും നിയന്ത്രണവും ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

632/2024.

# 2024-ലെ കേരള വിദേശ പഠന കൺസൾട്ടൻസികളുടെയും ട്രാവൽ ഏജൻസികളുടെയും രജിസ്ട്രേഷനും നിയന്ത്രണവും ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദേശ പഠന കൺസൾട്ടൻസികളുടെയും ട്രാവൽ ഏജൻസികളുടെയും രജിസ്ട്രേഷൻ നടത്തുന്നതിനും അവയെ നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദേശ പഠന കൺസൾട്ടൻസികളെയും ട്രാവൽ ഏജൻസികളെയും നിയന്ത്രിക്കുന്നതിനും അവയ്ക്ക് നിർബന്ധിത രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്കുള്ള വിദേശ പഠന കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾക്ക് നിലവാരവും മാനദണ്ഡവും നിർണ്ണയിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുമായി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള വിദേശ പഠന കൺസൾട്ടൻസികളുടെയും ട്രാവൽ ഏജൻസികളുടെയും രജിസ്ട്രേഷനും നിയന്ത്രണവും ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വിദേശ പഠന കൺസൾട്ടൻസി" എന്നാൽ വിവിധ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടത്തപ്പെടുന്ന

കോഴ്സുകൾ സംബന്ധിച്ച് പ്രത്യേക അറിവ് ശേഖരിച്ചിട്ടുള്ളവരും പഠനാവശ്യങ്ങൾക്കായി വിദേശത്തേയ്ക്ക് പോകുന്നവർക്ക് അത്തരം യൂണിവേഴ്സിറ്റികളിലും സ്ഥാപനങ്ങളിലും പഠന കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം, വിസ എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾ, താമസ സൗകര്യങ്ങൾ എന്നിവയിലെ സങ്കീർണ്ണതകളിൽ ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്ന സ്ഥാപനമോ കമ്പനിയോ യൂണിറ്റോ വ്യക്തിയോ എന്നർത്ഥമാകുന്നു;

(ബി) "ട്രാവൽ ഏജൻസി" എന്നാൽ വിദേശ രാജ്യങ്ങളിലേയ്ക്ക് വ്യക്തി(കൾ)ക്കോ അല്ലെങ്കിൽ കുടുംബത്തിനോ പോകുന്നതിന് അയാളുടെ അല്ലെങ്കിൽ അവരുടെ യാത്രയുമായോ താമസവുമായോ അല്ലെങ്കിൽ അവയ്ക്കെല്ലാമായോ ആവശ്യമായ കാര്യങ്ങൾ ഏർപ്പെടുത്തുകയോ നടത്തുകയോ മാനേജ് ചെയ്യുകയോ അല്ലെങ്കിൽ അപ്രകാരം മറ്റൊരു രാജ്യത്ത് എത്തിയ ആളുടെ അല്ലെങ്കിൽ കുടുംബത്തിന്റെ 1983-ലെ എമിഗ്രേഷൻ നിയമം (1983-ലെ കേന്ദ്ര ആക്റ്റ് 31) അനുശാസിക്കുന്ന റിക്രൂട്ട്മെന്റ് ഇടപാടുകൾ ഒഴികെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സ്ഥാപനമോ കമ്പനിയോ യൂണിറ്റോ അല്ലെങ്കിൽ വ്യക്തിയോ എന്നർത്ഥമാകുന്നു;

(സി) "ക്ഷമതയുള്ള അധികാരി" എന്നാൽ ഈ ആക്റ്റിലെ 10-ാം വകുപ്പ് പ്രകാരം അതിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്ത് ഉത്തരവിലൂടെ അധികാരപ്പെടുത്തിയിട്ടുള്ളതോ നിയമിച്ചിട്ടുള്ളതോ ആയ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഡി) "പ്രവാസി" എന്നാൽ പഠനാവശ്യത്തിനോ ജോലിക്കോ അതുപോലെയുള്ളവയ്ക്കോ വേണ്ടി വിദേശത്തേയ്ക്ക് കുടിയേറിയിട്ടുള്ള ഒരു ഇന്ത്യൻ പൗരൻ എന്നർത്ഥമാകുന്നു;

(ഇ) "രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്" എന്നാൽ ഈ ആക്റ്റിലെ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ക്ഷമതയുള്ള അധികാരി നൽകിയിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(ജി) "സംസ്ഥാന സർക്കാർ" എന്നാൽ കേരള സംസ്ഥാന സർക്കാർ എന്നർത്ഥമാകുന്നു;

(എച്ച്) "വിജ്ഞാപനം" എന്നാൽ കേരളസർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു.

3. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ക്ഷമതയുള്ള അധികാരിയിൽനിന്നും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്ത ഒരു ട്രാവൽ ഏജൻസിയോ വിദേശ പഠന കൺസൾട്ടൻസിയോ വ്യക്തി, കമ്പനി, യൂണിറ്റ് എന്നിങ്ങനെ ഏതെങ്കിലും നിലയിൽ പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു.

(2) ഈ ആക്റ്റ് നിലവിൽ വന്നശേഷം ട്രാവൽ ഏജന്റായോ വിദേശ പഠന കൺസൾട്ടന്റായോ പ്രവർത്തിക്കുന്നതോ പ്രവർത്തനം തുടങ്ങുന്നതോ ആയ ഏതൊരു സ്ഥാപനവും കമ്പനിയും യൂണിറ്റും അല്ലെങ്കിൽ വ്യക്തിയും നിർണ്ണയിക്കപ്പെടുന്ന കാലയളവിനുള്ളിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിരിക്കേണ്ടതാണ്.

4. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമം.—(1) ട്രാവൽ ഏജൻസിയോ വിദേശ പഠന കൺസൾട്ടൻസിയോ നടത്തുവാൻ താല്പര്യപ്പെടുന്ന ഏതൊരാളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായി നിർണ്ണയിക്കപ്പെട്ട മാതൃകയിലുള്ള അപേക്ഷാ ഫാറത്തിൽ നിശ്ചിത തുക അപേക്ഷാ ഫീസ് ഒടുക്കി നിർണ്ണയിക്കുന്ന രേഖകൾ സഹിതം ക്ഷമതയുള്ള അധികാരിക്ക് നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷയോ ഈ ആക്റ്റിലെ 9-ാം വകുപ്പ് പ്രകാരമുള്ള അപേക്ഷയോ പരിശോധിച്ചശേഷം ക്രമപ്രകാരമെന്ന് ബോധ്യപ്പെടുന്നപക്ഷം അപ്രകാരമുള്ള അപേക്ഷ ലഭിച്ച് മുപ്പത് ദിവസത്തിനുള്ളിൽ ക്ഷമതയുള്ള അധികാരി നിർണ്ണയിക്കാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ പരിശോധനയ്ക്കുശേഷവും നിശ്ചിത മാതൃകയിലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകേണ്ടതാണ്.

5. അപേക്ഷ നിരസിക്കൽ.—4-ാം വകുപ്പ് പ്രകാരം പുതുതായി രജിസ്ട്രേഷനു വേണ്ടിയോ 9-ാം വകുപ്പ് പ്രകാരം രജിസ്ട്രേഷൻ പുതുക്കുന്നതിനുവേണ്ടിയോ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതായോ പൂർണ്ണമല്ലാത്തതാണെന്നോ ആവശ്യമായ തെളിവുകൾ ഹാജരാക്കിയിട്ടില്ലെന്നോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്നോ അല്ലെങ്കിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായെന്ന് ക്ഷമതയുള്ള അധികാരിക്ക് ബോദ്ധ്യപ്പെടുകയോ ചെയ്യുന്നപക്ഷം അപ്രകാരമുള്ള അപേക്ഷ നിരസിക്കേണ്ടതാണ്:

എന്നാൽ അപ്രകാരം അപേക്ഷ നിരസിക്കപ്പെടുന്ന സംഗതിയിൽ അപേക്ഷ നിരസിക്കപ്പെട്ടതിനുള്ള കാരണം രേഖപ്പെടുത്തി അപേക്ഷ നിരസിക്കപ്പെട്ട വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

6. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി.—4-ാം വകുപ്പ് പ്രകാരം നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അത് അനുവദിച്ച തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് സാധുതമായിരിക്കുന്നതാണ്.

7. ശാഖകൾക്കുള്ള രജിസ്ട്രേഷൻ.—ഈ ആക്റ്റിലെയോ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കനുസൃതമായി ഒരു രജിസ്ട്രേഷൻ നേടിയിട്ടുള്ള ഒരാൾ മറ്റേതെങ്കിലും സ്ഥലത്ത് ട്രാവൽ ഏജൻസിയോ വിദേശ പഠന കൺസൾട്ടൻസിയോ ആരംഭിക്കുന്നുണ്ടെങ്കിൽ അഥവാ പ്രവർത്തിപ്പിക്കുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ശാഖയ്ക്കായി പ്രത്യേക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കേണ്ടതാണ്.

8. രജിസ്ട്രേഷൻ റദ്ദാക്കൽ.—(1) ഇനിപ്പറയുന്ന കാരണങ്ങളാൽ ഈ ആക്റ്റ് പ്രകാരം നൽകിയ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണ്, അതായത്:—

(എ) രാജ്യസുരക്ഷയ്ക്കോ താല്പര്യങ്ങൾക്കോ എതിരായി നേരിട്ടോ അല്ലാതെയോ ഏതെങ്കിലും സംഗതിയിൽ ഏർപ്പെടുകയോ അതിനായി മറ്റൊരാളെ പ്രേരിപ്പിക്കുകയോ ചെയ്യുന്നതിൽ;

(ബി) മനുഷ്യക്കടത്തോ ആയുധക്കടത്തോ അതുപോലെയുള്ള ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഉൾപ്പെടുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്നതിൽ;

(സി) കൃത്രിമ രേഖ ചമയ്ക്കുകയോ അതിൽ ഉൾപ്പെടുകയോ ചെയ്യുന്നതിൽ;

(ഡി) ഏതെങ്കിലും ക്രിമിനൽ കുറ്റത്തിന് കോടതി ശിക്ഷിച്ചിട്ടുണ്ടെങ്കിൽ;

(ഇ) നിർദ്ധനനായോ പാപ്പരായോ പ്രഖ്യാപിക്കപ്പെട്ടയാളാണെങ്കിൽ;

(എഫ്) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയ ആൾ പാലിക്കേണ്ട കാര്യങ്ങളിൽ വീഴ്ച വന്നതായി ബോദ്ധ്യപ്പെട്ടാൽ;

(ജി) രജിസ്ട്രേഷൻ നേടിയശേഷം ട്രാവൽ ഏജൻസിയോ വിദേശ പഠന കൺസൾട്ടൻസിയോ ഒരു വർഷത്തിലധികം പ്രവർത്തിക്കാതിരുന്നാൽ.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും കാരണത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പരാതി ലഭിക്കുകയോ അല്ലെങ്കിൽ നേരിൽ ബോദ്ധ്യപ്പെടുകയോ ചെയ്യുന്നപക്ഷം രജിസ്ട്രേഷൻ ലഭിച്ചയാളിന് കാരണം കാണിക്കൽ നോട്ടീസ് ക്ഷമതയുള്ള അധികാരി നൽകേണ്ടതും നോട്ടീസ് ലഭിച്ച് ഏഴ് ദിവസത്തിനകം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെടേണ്ടതുമാണ്.

9. രജിസ്ട്രേഷൻ പുതുക്കൽ.—നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥകൾക്ക് വിധേയമായും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ പരിശോധനകൾക്കുംശേഷം ട്രാവൽ ഏജൻസിയുടെയോ വിദേശ പഠന കൺസൾട്ടൻസിയുടെയോ രജിസ്ട്രേഷൻ പുതുക്കി നൽകാവുന്നതാണ്.

10. ക്ഷമതയുള്ള അധികാരിയും അപ്പലേറ്റ് അതോറിറ്റിയും.—പ്രവാസികാര്യ വകുപ്പിൽ അഡീഷണൽ സെക്രട്ടറി പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ ക്ഷമതയുള്ള അധികാരിയായും അദ്ദേഹം നൽകിയ ഏതെങ്കിലും ഉത്തരവിന്മേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്പീൽ ഫയൽ ചെയ്യുന്നതിന് പ്രവാസികാര്യവകുപ്പ് സെക്രട്ടറി അപ്പലേറ്റ് അതോറിറ്റിയായും സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നിയമിക്കേണ്ടതാണ്.

11. ഏജൻസികളും കൺസൾട്ടൻസികളും നിബന്ധനകൾ പാലിക്കണമെന്ന്.—സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ട്രാവൽ ഏജൻസികൾക്കും വിദേശ പഠന കൺസൾട്ടൻസികൾക്കുമായി സർക്കാർ:

(i) അവരുടെ വിവിധ പ്രവർത്തനങ്ങൾക്ക് മാനദണ്ഡങ്ങളും വ്യവസ്ഥകളും നിർണ്ണയിക്കേണ്ടതാണ്;

(ii) വിവിധ സ്ഥലങ്ങളിലേയ്ക്ക് വിനോദസഞ്ചാരികൾക്കായി ട്രാവൽ ഏജൻസികൾ നൽകുന്ന യാത്രാസൗകര്യങ്ങൾക്കുള്ള നിരക്കുകൾ നിശ്ചയിച്ച് ഏകീകരിക്കേണ്ടതാണ്;

(iii) വിദേശ പഠനവുമായി ബന്ധപ്പെട്ട് കൺസൾട്ടൻസികൾ സംഘടിപ്പിക്കുന്ന മേളകൾ, അഭിമുഖങ്ങൾ എന്നിവ നടത്തുന്നതിലെ മാനദണ്ഡങ്ങൾ നിശ്ചയിക്കുക;

(iv) കൺസൾട്ടൻസികൾക്കുള്ള പ്രവർത്തന നിലവാരം നിർണ്ണയിക്കുക;

(v) കൺസൾട്ടൻസികൾ നൽകുന്ന സേവനങ്ങൾക്കുള്ള നിരക്ക് നിർണ്ണയിച്ച് ഏകീകരിക്കുക;

(vi) വ്യവസ്ഥകൾ ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ട ട്രാവൽ ഏജൻസികളുടെയും വിദേശ പഠന കൺസൾട്ടൻസികളുടെയും വിശദാംശം മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുക;

(vii) വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സാധുതയുള്ള രജിസ്ട്രേഷനോടെ പ്രവർത്തിക്കുന്ന ഏജൻസികളേയും കൺസൾട്ടൻസികളേയും സംബന്ധിച്ച വിശദാംശം മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുക;

(viii) ഏജൻസികളുടെയും കൺസൾട്ടൻസികളുടെയും പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിക്കുകയും പരാതികളിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്യുക;

(ix) ഏജൻസികളിലും കൺസൾട്ടൻസികളിലും ജോലി ചെയ്യുന്നവരുടെ തൊഴിൽ സമയം, സേവന-വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുക;

(x) ഏജൻസികളുടെയും കൺസൾട്ടൻസികളുടെയും വ്യാജമായ പരസ്യങ്ങൾ, വാർത്തകൾ, പ്രചരണങ്ങൾ എന്നിവയിന്മേൽ ഉചിത നടപടി സ്വീകരിക്കുക.

12. ശിക്ഷ.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളുടേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതായി ക്ഷമതയുള്ള അധികാരി കണ്ടെത്തിയാൽ കുറ്റത്തിന്റെ സ്വഭാവം അല്ലെങ്കിൽ തരംതിരിക്കൽ അടിസ്ഥാനമാക്കി,—

(1) ആദ്യത്തെ ലംഘനമാണെങ്കിൽ നാല്പത്തിയഞ്ച് ദിവസത്തിൽ കുറയാത്തതും എന്നാൽ ആറ് മാസത്തിൽ കവിയാത്തതുമായ കാലയളവിലേയ്ക്ക് രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുകയോ നിർണ്ണയിക്കാവുന്ന പ്രകാരമുള്ള പിഴയോ ഇവ രണ്ടുമോ ചുമത്തി ശിക്ഷിക്കപ്പെടാവുന്നതാണ്;

(2) രണ്ടാമത്തെ ലംഘനമാണെങ്കിൽ ആറ് മാസത്തിൽ കുറയാത്തതും രണ്ട് വർഷം വരെയാകാവുന്നതുമായ കാലയളവിലേയ്ക്ക് രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യാവുന്നതോ നിർണ്ണയിക്കാവുന്ന നിരക്കിലുള്ള പിഴയോ ഇവ രണ്ടുമോ ചുമത്തി ശിക്ഷിക്കപ്പെടാവുന്നതാണ്;

(3) മൂന്നാമത്തെ ലംഘനമാണെങ്കിൽ രജിസ്ട്രേഷൻ റദ്ദാക്കുകയും നിർണ്ണയിക്കാവുന്ന തുക പിഴയായി ഈടാക്കുകയും ചെയ്യാവുന്നതാണ്.

13. ഉത്തമവിശ്വാസപൂർവ്വം ചെയ്ത നടപടികൾക്ക് സംരക്ഷണം.—ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതൊരു നടപടിയും സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ ശിക്ഷാനടപടികളോ മറ്റ് നിയമ നടപടികളോ ഒരാൾക്കെതിരെ നിലനിൽക്കുന്നതല്ല.

14. ആക്റ്റിന്റെ അധിപ്രഭാവം.—ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

15. പരിശോധന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പരിശോധന നടത്തുകയോ പിഴ ഈടാക്കുകയോ ചെയ്യുന്നതിന് മുൻപ്, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിലുള്ള അധികാരസ്ഥാനത്തുനിന്ന് അതേ സംഗതിയിൽ നടപടി എടുക്കുന്നുണ്ടോ എന്നുള്ളത് കണക്കിലെടുക്കേണ്ടതും വൈരുദ്ധ്യമുള്ള തീരുമാനമുണ്ടാകില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

16. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഉത്തരവ്മൂലം ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ അത്തരം വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

(2) എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം (1)-ാം ഉപവകുപ്പിൻപ്രകാരം യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഏത് ഉത്തരവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതാണ്.

17. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിന് ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട്

സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ അടിത്തറയും വികസനത്തിന്റെ മുഖമുദ്രയും മുഖ്യ സാമ്പത്തിക സ്രോതസ്സുമാണ് ടൂറിസം മേഖല. വിനോദസഞ്ചാര രംഗത്ത് ടൂറിസം ഡെസ്റ്റിനേഷനുകളെയും വിനോദസഞ്ചാരികളെയും അനുബന്ധ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന കണ്ണിയായാണ് ട്രാവൽ ഏജൻസികൾ പ്രവർത്തിക്കുന്നത്. ഇത്തരത്തിൽ സംസ്ഥാനത്ത് ധാരാളമായി പ്രവർത്തിക്കുന്ന ട്രാവൽ ഏജൻസികളുടെ രജിസ്ട്രേഷൻ, കാര്യക്ഷമത, വിശ്വാസ്യത എന്നിങ്ങനെയുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഏർപ്പെടുത്തുന്നത് ടൂറിസം രംഗത്തെ ശക്തിപ്പെടുത്തുന്നതിന് ഇടയാക്കും.

തൊഴിൽരഹിതരായ ചെറുപ്പക്കാർ അനധികൃത മാർഗ്ഗങ്ങളിലൂടെയുള്ള അനധികൃത കുടിയേറ്റങ്ങളുടെ കെണികളിൽ വീണുപോകുന്നതായ വാർത്തകൾ സാധാരണമാണ്. ഇത് ഏറെയും സംഭവിക്കുന്നതിന്റെ പിന്നിൽ അനധികൃത ട്രാവൽ ഏജൻസികളാണ്. വിദേശ രാജ്യങ്ങളിലെ വ്യാജ വർക്ക് വിസ, വർക്ക് പെർമിറ്റ് എന്നിവ ഏർപ്പെടുത്തി ഇവർ പല ഘട്ടങ്ങളിലായി ജനങ്ങളുടെ പക്കൽനിന്നും വലിയ തുകകൾ കൈക്കലാക്കുന്നു. വിദേശ രാജ്യങ്ങളിൽ അനധികൃതമായി ചെന്നെത്തുന്ന നിഷ്കളങ്കരായവർ ആ രാജ്യങ്ങളിലെ നിയമങ്ങൾക്കനുസൃതമായി പിടിക്കപ്പെടുകയും തടവിലാക്കപ്പെടുകയും ചെയ്യുന്നുണ്ട്. ട്രാവൽ ഏജൻസികൾ നടത്തുന്ന ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയപ്പെടേണ്ടതാണ്.

വിദേശരാജ്യങ്ങളിലേയ്ക്ക് പഠനാവശ്യവുമായി ബന്ധപ്പെട്ട് കുടിയേറുന്നവരുടെ എണ്ണം പൂർവ്വാധികം വർദ്ധിച്ചിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. വിദേശ സർവ്വകലാശാലകളിലും കോളേജുകളിലും പഠന സൗകര്യങ്ങൾക്കായി റിക്രൂട്ടിംഗ് നടത്തുന്ന കൺസൾട്ടൻസികൾ സംസ്ഥാനത്ത് വളരെയധികമായി ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം, വിശ്വാസ്യത എന്നിങ്ങനെയുള്ള കാര്യങ്ങളിൽ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ കോളേജുകളിൽനിന്നും യൂണിവേഴ്സിറ്റികളിൽനിന്നും വ്യാജ ഓഫർ ലെറ്ററുകളും സ്റ്റഡി വിസകളും സംഘടിപ്പിച്ച് പൊതുജനങ്ങളെ കബളിപ്പിക്കുന്ന വിദേശ പഠന കൺസൾട്ടൻസികളുടെ പ്രവർത്തനം നിയന്ത്രിക്കപ്പെടേണ്ടതാണ്. ഇങ്ങനെയുള്ള കൺസൾട്ടൻസികളുടെ പ്രവർത്തനം നിയമാധിഷ്ഠിതമാകുന്നത് ജനങ്ങൾക്ക് ആശാസ്യമായിരിക്കും.

ആവശ്യമായ നിയമനിർമ്മാണത്തിലൂടെ വിദേശ പഠന കൺസൾട്ടൻസികളുടെയും ട്രാവൽ ഏജൻസികളുടെയും പ്രവർത്തനം പൊതുജനത്തിന് അനുഗുണമാക്കുന്നത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ആവർത്തകവും അനാവർത്തകവുമായ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 3-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, ഈ ആക്റ്റ് നിലവിൽ വന്നശേഷം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതോ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നതോ ആയ വിദേശ പഠന കൺസൾട്ടൻസിയോ, ട്രാവൽ ഏജൻസിയോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിരിക്കേണ്ട കാലയളവ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ഈ ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, രജിസ്ട്രേഷനുള്ള അപേക്ഷാ ഫോറത്തിന്റെ മാതൃക, അപേക്ഷ ഫീസ്, അനുബന്ധ രേഖകൾ എന്നിവ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിലെ നിബന്ധനകൾ, വ്യവസ്ഥകൾ എന്നിവയും സർട്ടിഫിക്കറ്റിന്റെ മാതൃകയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ 9-ാം ഖണ്ഡം രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിലെ വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(5) ബില്ലിലെ 10-ാം ഖണ്ഡം ക്ഷമതയുള്ള അധികാരിയേയും അപ്പീൽ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് അപ്പലേറ്റ് അതോറിറ്റിയേയും ഗസറ്റ് വിജ്ഞാപനം മുഖേന നിയമിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ 11-ാം ഖണ്ഡം (i)-ാം ഇനം പ്രകാരം ട്രാവൽ ഏജൻസികളുടെയും വിദേശ പഠന കൺസൾട്ടൻസികളുടെയും പ്രവർത്തന മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ 11-ാം ഖണ്ഡം (ii)-ാം ഇനം പ്രകാരം ട്രാവൽ ഏജൻസികൾ നൽകുന്ന യാത്രാസൗകര്യങ്ങൾക്കുള്ള നിരക്കുകൾ നിർണ്ണയിക്കുന്നതിനും ഏകീകരിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ 11-ാം ഖണ്ഡം (iii)-ാം ഇനം പ്രകാരം കൺസൾട്ടൻസികൾ നടത്തുന്ന മേളകൾ, വിദേശ പഠന ഫെയറുകൾ എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ 11-ാം ഖണ്ഡം (iv)-ാം ഇനം പ്രകാരം കൺസൾട്ടൻസികളുടെ പ്രവർത്തന നിലവാരം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(10) ബില്ലിലെ 11-ാം ഖണ്ഡം (v)-ാം ഇനം പ്രകാരം കൺസൾട്ടൻസികൾ നൽകുന്ന സേവനങ്ങളുടെ നിരക്ക് നിർണ്ണയിച്ച് ഏകീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(11) ബില്ലിലെ 11-ാം ഖണ്ഡം (vi)-ാം ഇനം പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ട ട്രാവൽ ഏജൻസികളുടെയും കൺസൾട്ടൻസികളുടെയും വിശദാംശം പ്രസിദ്ധപ്പെടുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(12) ബില്ലിലെ 11-ാം ഖണ്ഡം (vii)-ാം ഇനം പ്രകാരം സാധുതയുള്ള രജിസ്ട്രേഷനോടെ പ്രവർത്തിക്കുന്ന ട്രാവൽ ഏജൻസികളുടെയും വിദേശ പഠന കൺസൾട്ടൻസികളുടെയും വിശദാംശം മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(13) ബില്ലിലെ 11-ാം ഖണ്ഡം (viii)-ാം ഇനം പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ട ട്രാവൽ ഏജൻസികളുടെയും വിദേശ പഠന കൺസൾട്ടൻസികളുടെയും പ്രവർത്തനങ്ങളിന്മേലുള്ള പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(14) ബില്ലിലെ 11-ാം ഖണ്ഡം (ix)-ാം ഇനം പ്രകാരം ഏജൻസികളിലും കൺസൾട്ടൻസികളിലും തൊഴിൽ എടുക്കുന്നവരുടെ തൊഴിൽ സമയം, സേവന-വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(15) ബില്ലിലെ 11-ാം ഖണ്ഡം (x)-ാം ഇനം പ്രകാരം ഏജൻസികളും കൺസൾട്ടൻസികളും നൽകുന്ന വ്യാജമായ പരസ്യങ്ങൾ, വാർത്തകൾ, പ്രചരണങ്ങൾ എന്നിവയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(16) ബില്ലിലെ 12-ാം ഖണ്ഡം (1), (2), (3) ഉപഖണ്ഡങ്ങളിൽ പിഴയുടെ നിരക്ക് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(17) ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാൻ 16-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(18) ബില്ലിലെ 17-ാം ഖണ്ഡം ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(19) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയവയും ആകുന്നു. കൂടാതെ, ചട്ടങ്ങൾ അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എൻ. ജയരാജ്.